പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4880

14/11/2019-ൽ
മറുപടിയ്ക്ക്

## പട്ടാമ്പി മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെട്ട സ്കൂളുകൾ

| ചോദ്യം<br>ശ്രീ മുഹമ്മദ് മുഹസിൻ പി. | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര വീതം ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നടുവട്ടം ഗവ.ജനതാ എച്ച്.എസ്.എസ് - 5 കോടി<br>ജി.എച്ച്.എസ്.എസ് വാടാനംകുറിശ്ശി - 3 കോടി<br>ജി.വി.എച്ച്.എസ്.എസ് കൊപ്പം, പാലക്കാട് - 3 കോടി<br>ജി.എച്ച്.എസ്.എസ് പട്ടാമ്പി - 3 കോടി<br>ജി.യു.പി.എസ് പട്ടാമ്പി - 3 കോടി<br>ജി.എച്ച്.എസ്.എസ് ചുണ്ടംമ്പറ്റ - 3 കോടി<br>ജി.ഒ.എച്ച്.എസ്.എസ് പട്ടാമ്പി - 3 കോടി<br>ജി.എച്ച്.എസ് വല്ലപ്പുഴ - 1 കോടി<br>ജി.എച്ച്.എസ് വിളയൂർ - 1 കോടി<br>ജി.യു.പി.എസ് നരിപ്പറമ്പ - 1 കോടി |
| (ബി) പ്രസ്തുത മണ്ഡലത്തിലെ അഞ്ചു കോടി രൂപയും മൂന്നു കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവച്ചിട്ടുള്ള ഏതെല്ലാം സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;<br>(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെട്ട സ്കൂളുകളിൽ ഇനിയും പ്രവൃത്തികൾ ആരംഭിക്കാത്തവയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം | (ബി) & (സി) 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത നടുവട്ടം ഗവ.ജനതാ എച്ച്.എസ്.എസ് -ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത വാടാനംകുറിശ്ശി ജി.എച്ച്.എസ്.എസ് -ന്റെ നിർമ്മാണം 85% ത്തിലധികം പൂർത്തിയായി. നിർമ്മാണം പുരോഗമിച്ചു വരുന്നു. കൊപ്പം ജി.വി.എച്ച്.എസ്.എസ് -ന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി ഹയർ സെക്കന്ററി സ്കൂളിന്റെ |

| | |
|---|---|
| സ്കൂളുകളിലാണ്; ആയതിന്റെ കാരണങ്ങൾ എന്താണ്; വിശദമാക്കാമോ? | നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ SPV ആയ കൈറ്റിനെ മാറ്റി മറ്റൊരു ഏജൻസിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് കൈറ്റ് സർക്കാരിലേയ്ക്ക് നൽകിയ കത്ത് പരിശോധിച്ചു വരുന്നു.<br>2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ പട്ടാമ്പി ജി.ഒ.എച്ച്.എസ്.എസ്, പട്ടാമ്പി ജി.യു.പി.എസ് , ചുണ്ടംപറ്റ ജി.എച്ച്.എസ്.എസ് എന്നീസ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി INKEL നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha P

സെക്ഷൻ ഓഫീസർ